ഭരണഭാഷ -മാതൃഭാഷ

16846

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

നമ്പർ. ഒ.എൽ 4/13/2021/പി&എ.ആർ.ഡി. തിരുവനന്തപുരം
തീയതി: 21/10/2021

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്-2021 ലെ മലയാള ദിനാഘോഷവും ഭരണഭാഷാവാരാഘോഷവും -സംബന്ധിച്ച്.

സൂചന: 1 18/03/2002 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ. 31/2002/പി&എ.ആർ.ഡി.

2. 02.05/2002 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ. 20/2002/പി&എ.ആർ.ഡി.

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിതലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. അതിന്റെ ഭാഗമായി എല്ലാവർഷവും നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നതിന് സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇക്കാലയളവിൽ ഭരണഭാഷാമാറ്റത്തിന് ഉതകുംവിധമുള്ള പ്രഭാഷണങ്ങളും ചർച്ചകളും സെമിനാറുകളും മറ്റും സംസ്ഥാന-ജില്ലാ-താലൂക്ക്-പഞ്ചായത്തുതലങ്ങളിലുള്ള ഓഫീസുകളിൽ സംഘടിപ്പിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങളാണ് ടി ഉത്തരവിൽ നൽകിയിട്ടുള്ളത്. സ്കൂൾതലത്തിൽ സംഘടിപ്പിക്കേണ്ട ആഘോഷപരിപാടികളെ സംബന്ധിച്ച് സൂചന 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും മേൽപ്പറഞ്ഞ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ 65-ാം വാർഷികവേളയായ ഈ വർഷവും വിപുലമായ പരിപാടികൾ സംഘടിപ്പിക്കേണ്ടതായിരുന്നു. എന്നാൽ കേരളത്തിൽ 'കോവിഡ്' ഭീതി പൂർണമായും ഒഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ ഈ വർഷം വിപുലമായ ആഘോഷ പരിപാടികൾ ഒഴിവാക്കിക്കൊണ്ട് മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും സംഘടിപ്പിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി **2021 നവംബർ 1 - ാം തീയതി തിങ്കളാഴ്ച ബഹു.മുഖ്യമന്ത്രി മലയാളദിനസന്ദേശം (ഓൺലൈൻ മുഖേന) നൽകുന്നതാണ്.** മലയാളദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും താഴെച്ചേർത്തിട്ടുള്ള **ഭാഷാപ്രതിജ്ഞ അധ്യാപകർ കുട്ടികൾക്ക് നേരിട്ട് അല്ലെങ്കിൽ ഓൺലൈൻ സംവിധാനം മുഖേന ചൊല്ലിക്കൊടുക്കേണ്ടതാണ്.**

**"മലയാളമാണ് എന്റെ ഭാഷ**
**എന്റെ ഭാഷ എന്റെ വീടാണ്.**
**എന്റെ ആകാശമാണ്.**
**ഞാൻകാണുന്ന നക്ഷത്രമാണ്.**
**എന്നെത്തഴുകുന്ന കാറ്റാണ്.**
**എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.**
**എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.**
**ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നംകാണുന്നത്**
**എന്റെ ഭാഷയിലാണ്.**
**എന്റെ ഭാഷ ഞാൻതന്നെയാണ്"**

സർക്കാർ ഓഫീസുകൾ സാധാരണനിലയിൽ പ്രവർത്തിച്ചുതുടങ്ങിയതിനാൽ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ഓഫീസ് തലവന്മാർ ഉദ്യോഗസ്ഥർക്ക് താഴെചേർത്തിട്ടുള്ള ഭരണഭാഷാപ്രതിജ്ഞ ചൊല്ലിക്കൊടുക്കേണ്ടതാണ്.

"മലയാളം എന്റെ ഭാഷയാണ്
മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു.
മലയാളഭാഷയെയും കേരളസംസ്കാരത്തെയും ഞാൻ ആദരിക്കുന്നു.
ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന്
എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും"

മീര എസ്
ജോയിന്റ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറിമാർ
എല്ലാ വകുപ്പ തലവൻമാർക്കും ഓഫീസുകൾക്കും
ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാസമിതി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
ജില്ലാകളക്ടർമാർ
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർദ്ധസർക്കാർ സ്വയംഭരണസ്ഥാപനങ്ങളുടെ തലവൻമാർക്ക്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ് : - ബഹു: മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്
ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
പൊതുഭരണവകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്,
പൊതുഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.ക്ക്

ഉത്തരവിൻപ്രകാരം
Ajith M
സെക്ഷൻ ഓഫീസർ

File No. WCD/$D_3$-16846/21 dt. 29.10.2021

കേരളത്തിന്റെ 65-ാം വാർഷിക വേളയായ 2021 നവംബർ 1-ാം തീയതി മലയാള ദിനാഘോഷവും ഭരണ ഭാഷാ വാരാഘോഷവും സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ടി സർക്കുലർ പ്രകാരം നടപടി സ്വീകരിക്കുകയും ആയതിന്റെ നടപടി റിപ്പോർട്ട് എല്ലാ കീഴ് കാര്യാലയങ്ങളിൽ നിന്നും ക്രോഡീകരിച്ച് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ 20.11.2021-നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

സൂപ്രണ്ട്
ഡി സെക്ഷൻ.